"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുഭരണം – ബഹു. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 2025 മെയ് മാസത്തിൽ മേഖല അവലോകന യോഗങ്ങൾ ചേരുന്നതിന് തീരുമാനിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(കൈ) നം.42/2025/GAD    തീയതി,തിരുവനന്തപുരം, 20-03-2025

---

**ഉത്തരവ്**

ഭരണ നേട്ടങ്ങൾ പൊതുജനങ്ങൾക്ക് കൂടുതൽ അനുഭവവേദ്യമാക്കാനും വികസന പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്താനും ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് തടസ്സങ്ങളുണ്ടെങ്കിൽ കണ്ടെത്തി പരിഹരിക്കുന്നതിനുമായി ബഹു.മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ മേഖലാ അവലോകന യോഗങ്ങൾ ചുവടെ വിവരിച്ചിരിക്കുന്ന പ്രകാരം നടത്തുന്നതിന് തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

2. 2023 സെപ്തംബർ - ഒക്ടോബർ മാസങ്ങളിൽ നടന്ന മേഖലാ അവലോകന യോഗങ്ങളുടെ തുടർച്ചയായാണ് യോഗം സംഘടിപ്പിക്കുന്നത്. ബഹു. മുഖ്യമന്ത്രിയും, മന്ത്രിമാരും, ചീഫ് സെക്രട്ടറിയും, വകുപ്പ് സെക്രട്ടറിമാരും, വകുപ്പദ്ധ്യക്ഷൻമാരും ചേർന്ന് ജില്ലകളിൽ പുരോഗമിക്കുന്ന വികസന പ്രവർത്തനങ്ങൾ വിലയിരുത്തി ഭരണപരമോ, സാങ്കേതികമോ ആയ തടസങ്ങൾ നേരിടുന്നുണ്ടെങ്കിൽ അവ കണ്ടെത്തി പരിശോധിച്ച് പരിഹാരം കാണുന്നതാണ്.

3. മേഖലാ അവലോകന യോഗങ്ങൾ നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന തീയതിയും ജില്ലയും:-

| ക്രമ നം. | തീയതി | യോഗം നടക്കുന്ന ജില്ല (മേഖല) |
|---|---|---|
| 1 | 08.05.2025 | പാലക്കാട്<br>(പാലക്കാട്, മലപ്പുറം, തൃശ്ശൂർ ജില്ലകൾ) |
| 2 | 15.05.2025 | തിരുവനന്തപുരം<br>(തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകൾ) |
| 3 | 26.05.2025 | കണ്ണൂർ<br>(കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട് ജില്ലകൾ) |
| 4 | 29.05.2025 | കോട്ടയം<br>(എറണാകുളം, ഇടുക്കി, ആലപ്പുഴ,കോട്ടയം ജില്ലകൾ) |

4. 2023 ലെ അവലോകന യോഗത്തിൽ പരിഗണിച്ചവയിൽ ഇനിയും പൂർണ്ണമായും

പരിഹരിക്കാത്ത വിഷയങ്ങൾ, ബഹു. മുഖ്യമന്ത്രി എം.എൽ.എ- മാരുമായി നടത്തിയ യോഗത്തിൽ എം.എൽ.എ- മാർ ഉന്നയിച്ച മണ്ഡലങ്ങളിലെ പ്രധാന വികസന പ്രവർത്തനങ്ങൾ, നവകേരള സദസ്സിന്റെ ഭാഗമായി നിയോജക മണ്ഡലത്തിൽ നടത്താനുദ്ദേശിക്കുന്ന പദ്ധതികളും ഗ്രാമീണ റോഡിന്റെ പുനരുദ്ധാരണവും എന്നിങ്ങനെ മൂന്ന് ഗണത്തിൽപ്പെടുന്ന വിഷയങ്ങൾ മേഖലാ അവലോകന യോഗങ്ങളിൽ പരിഗണിക്കുന്നതാണ്.

5. സർക്കാർ മുൻഗണന നൽകുന്ന അതിദാരിദ്ര്യ നിർമാർജ്ജനം, നവകേരള മിഷൻ (ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം, ഹരിതകേരളം മിഷൻ), മാലിന്യമുക്ത നവകേരളം എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ പുരോഗതിയും വിലയിരുത്തുന്നതാണ്.

6. മേഖലാ അവലോകന യോഗങ്ങൾ സംഘടിപ്പിക്കുന്നതിന്റേയും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റേയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന്റേയും ചുമതല ചീഫ് സെക്രട്ടറിക്കായിരിക്കും.

7. മേഖലാ അവലോകന യോഗത്തിനായുള്ള സോഫ്റ്റ് വെയർ തയ്യാറാക്കുന്ന ചുമതല ഇലക്ട്രോണിക്സ് & വിവര സാങ്കേതിക വിദ്യ വകുപ്പ് സെക്രട്ടറിക്കായിരിക്കും.

8. മേഖല അവലോകന യോഗങ്ങൾ നടക്കുന്ന ജില്ലയിലെ ജില്ലാ കളക്ടർമാർ യോഗത്തിന്റെ സംഘാടനത്തിനും നടത്തിപ്പിനുമുള്ള ചുമതല നിർവ്വഹിക്കേണ്ടതാണ്.

9. മേഖലാ അവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ട വിഷയങ്ങൾ അതാത് വകുപ്പ് സെക്രട്ടറിമാർക്ക് കൈമാറി റിപ്പോർട്ട് ശേഖരിച്ച് ക്രോഡീകരിച്ച് അവലോകനയോഗത്തിൽ അവതരിപ്പിക്കുന്നതിന് സജ്ജമാക്കുന്ന ചുമതല പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് സെക്രട്ടറിക്കായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
കെ ആർ ജ്യോതിലാൽ
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് മേധാവികൾക്കും /ജില്ലാ കളക്ടർമാർക്കും
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ,(ആഡിറ്റ്) ), കേരള , തിരുവനന്തപുരം.
സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
പൊതുഭരണ (എസ്.സി) വകുപ്പ്
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 21-03-2025 11:07:14
സെക്ഷൻ ഓഫീസർ

പകർപ്പ് : 1. ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
2. എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
3. ബഹു.മുഖ്യമന്ത്രിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിക്ക്